കേൾക്കേണ്ട ശബ്ദം:
മതം ഒരു സംഘടനയാണ്.
പാർട്ടിയും ഒരു സംഘടനയാണ്.
അച്ചടക്കം പാലിക്കേണ്ടിവരും.
- കുരീപ്പുഴ ശ്രീകുമാർ

സത്യം സമ്പുഷ്ടം സമ്പന്നം

മക്തബ്

1193 എടവം 26 1439 റംസാൻ 24

രാമനുണ്ണിയുടെ യശോലമ്പടത്തം

കത്വ സംഭവത്തിൽ പ്രതിഷേധിച്ച് പ്രശസ്ത സാഹിത്യകാരൻ കെ.പി. രാമനുണ്ണി കടലായി ശ്രീകൃഷ്ണ ക്ഷേത്രത്തിൽ ശയനപ്രദക്ഷിണത്തിന് ശ്രമിച്ചത് ചീപ്പ് പബ്ലിസിറ്റിക്കുവേണ്ടിയുള്ള ശ്രമമായി പോയി. കത്വ സംഭവം തീർച്ചയായും രാജ്യത്തിന്റെ മനസാക്ഷി ഉണരേണ്ടുന്ന വിഷയം തന്നെയായിരുന്നു. ഒരു പ്രത്യേക മതവിഭാഗത്തിൽപ്പെട്ടവരെ ഗ്രാമത്തിൽ നിന്ന് ഓടിക്കാൻ ഒരു കൊച്ചു പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയി ക്ഷേത്രത്തിനകത്ത് വച്ച് ബലാൽസംഗം ചെയ്ത് കൊന്നത് സമാനതകളില്ലാത്ത സംഭവമാണ്. അതിവേഗം ഫാസിസവൽക്കരണത്തിന് വിധേയമായി കൊണ്ടിരിക്കുന്ന സമൂഹത്തിൽ എന്തൊക്കെ സംഭവിച്ചുകൂടെന്നില്ലെന്നതിന്റെ ചൂണ്ടുപലകയായിരുന്നു ആ സംഭവം. അതിന് എതിരെ ഇന്ത്യയുടെ പലഭാഗത്തും ശക്തമായ പ്രതിഷേധങ്ങൾ ഉയർന്നുവരികയുണ്ടായി. ഹിന്ദുമതത്തിൽ വിശ്വസിക്കുന്ന ബഹുഭൂരിപക്ഷം പേരും ഹീനമായ ഈ സംഭവത്തെ അംഗീകരിക്കുമെന്ന് തോന്നുന്നില്ല.

കത്വ സംഭവം നടന്ന് മാസങ്ങൾ പിന്നിട്ടിരിക്കുന്നു. അപ്പോഴാണ് രാമനുണ്ണി പ്രതിഷേധവുമായി രംഗത്തുവന്നത്. അതിന് തിരഞ്ഞെടുത്തതോ കേരളത്തിലെ ഒരു ക്ഷേത്രവും. പ്രായശ്ചിത്തത്തിന്റെ മാർഗമാകട്ടെ ശയനപ്രദക്ഷിണവും. കത്വ സംഭവവും കടലായി ക്ഷേത്രവും തമ്മിൽ എന്തെങ്കിലും ബന്ധവുമുണ്ടോയെന്ന് അറിയില്ല. കടലായി ശ്രീകൃഷ്ണക്ഷേത്രം എന്തുകൊണ്ടാണവോ പ്രതിഷേധത്തിനുള്ള വേദിയായി തിരഞ്ഞെടുത്തത്! അദേഹം പ്രതിഷേധവുമായി ചെല്ലേണ്ടിയിരുന്നത് കത്വ ക്ഷേത്രത്തിലായിരുന്നു.

കത്വ സംഭവത്തിനുള്ള പ്രായശ്ചിത്തം ശയനപ്രദക്ഷിണമോ. അറിഞ്ഞിടത്തോളം അത് ഉദ്ദിഷ്ട കാര്യത്തിന് നടത്തുന്ന ഒരു പ്രാർത്ഥനയാണ്. വിശ്വാസികളെ സംബന്ധിച്ചിടത്തോളം. അതൊരു പ്രായശ്ചിത്തമല്ല. വിശ്വാസപരമായി പ്രായശ്ചിത്തത്തിന് ഹിന്ദുമതവിശ്വാസ പ്രകാരം മറ്റ് ഒട്ടനവധി പൂജകളും മറ്റുമുണ്ട്.

രാമനുണ്ണിയെ ചിലരൊക്കെ ഗാന്ധിയൻ എന്നൊക്കെ വിശേഷിപ്പിച്ചുകണ്ടു. ഗാന്ധിജി ഒരിക്കലും ഇത്തരം പേക്കൂത്തുകൾ നടത്തിയിട്ടില്ല. വർഗീയതയുടെ തീനാളങ്ങൾ രാജ്യത്തെ വിഴുങ്ങി കൊണ്ടിരുന്നപ്പോഴും അദേഹം ഉപവസിക്കുകയോ, അരുതേയെന്ന് നിലവിളിച്ച് നടക്കുകയോയായിരുന്നു. ഹിന്ദുമതവിശ്വാസിയായിരിക്കെ തന്നെ ക്ഷേത്രദർശനങ്ങൾക്ക് ഒരു പ്രാധാന്യം കൽപ്പിക്കാത്ത ആളായിരുന്നു ഗാന്ധിജി.

യഥാർത്ഥത്തിൽ കത്വ സംഭവത്തിലുള്ള പ്രായശ്ചിത്തം എന്നത് രാജ്യത്തിന്റെ മതേതര-ജനാധിപത്യമൂല്യങ്ങളെ അരക്കിട്ട് ഉറപ്പിക്കുക എന്നതാണ്. അതിനുവേണ്ടിയുള്ള രാഷ്ട്രീയ ഇടപെടലാണ് വേണ്ടത്. എന്നാൽ രാമനുണ്ണിയെ പോലുള്ളവർക്ക് അതിന് സാധ്യമല്ല എന്നതാണ് വസ്തുത. മനുഷ്യരുടെ സഹജമായ കാരുണ്യത്തെ പോലും മതപരമായ ഗുണമായി വാഴ്ത്തി വിവാദം സൃഷ്ടിച്ച ആളാണ് രാമനുണ്ണി. അങ്ങനെയുള്ള ഒരാൾക്ക് മതേതരമൂല്യത്തിന്റെ പക്ഷത്ത് നിൽക്കാൻ കഴിയില്ല. അതുകൊണ്ടാണ് കോമാളി വേഷം കെട്ടുന്നത്.

ക്ഷേത്രപ്രവേശനത്തിന് വേണ്ടി നടത്തിയ സമരവുമായി രാമനുണ്ണിയുടെ ശയനപ്രദക്ഷിണത്തെ താരതമ്യപ്പെടുത്തുന്നത് ബാലിശമാണ്. കത്വ സംഭവത്തിന്റെ മനസ് സൂക്ഷിക്കുന്നവരല്ല കേരളത്തിലെ മതവിശ്വാസികൾ. കടലായി ക്ഷേത്രക്കാരോ, അവിടെ എത്തുന്ന വിശ്വാസികളിൽ മഹാഭൂരിപക്ഷമോ അവിടെ എത്തുന്ന വിശ്വാസികളിൽ മഹാഭൂരിപക്ഷമോ ഏതെങ്കിലും തരത്തിൽ കത്വ സംഭവത്തെ ന്യായീകരിച്ചവരുമല്ല. പിന്നെ അവിടെ എന്ത് പ്രായശ്ചിത്തത്തിനാണ് പ്രസക്തിയുള്ളത്. ക്ഷേത്ര പ്രവേശന സമരം നടന്നത് കേരളത്തിൽ അയിത്താചരണത്തിന്റെ മൂർത്തമായ വിഷയം നിലനിന്ന ഘട്ടത്തിലാണ്. ക്ഷേത്രപ്രവേശന സമരത്തിലൂടെ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ പരിഹരിക്കപ്പെടാതെ കിടക്കുന്ന സമൂഹമാണ് കേരളം. അയിത്തത്തിന്റെ മനസ് വർത്തമാന കേരളത്തിലും നിലനിൽക്കുന്നുണ്ട്. ഓർത്തഡോക്സ് ക്രിസ്ത്യൻ വിഭാഗത്തിലെ യുവതിയെ പ്രണയിച്ച് വിവാഹം കഴിച്ച ദളിത് ക്രൈസ്തവ യുവാവിനെ കൊല ചെയ്തത് ഈ കേരളത്തിലാണ്. അതിന്റെ പ്രായശ്ചിത്തവുമായി രാമനുണ്ണി ക്രൈസ്തവ ദേവാലയത്തിൽ ചെല്ലുമോ എന്നറിയില്ല. കത്വ സംഭവത്തെ കെവിൻ വിഷയവുമായി ബന്ധപ്പെട്ടാണ് കേരളീയ സമൂഹം ചർച്ച ചെയ്യേണ്ടത്. കേരളീയർ കത്വ സംഭവത്തിന് പ്രായശ്ചിത്തം ചെയ്യേണ്ടത് കെവിനെ കൊലചെയ്ത സവർണ്ണ ജാതിബോധത്തിന് എതിരെ നിവർന്നുനിന്നു കൊണ്ടായിരിക്കണം. (സവർണ്ണ ജാതിബോധം എന്നത് ഹിന്ദുമതത്തിന്റെ മാത്രം പ്രശ്നവുമല്ല)

ആരാധനാലയങ്ങളെ സങ്കുചിത രാഷ്ട്രീയ താൽപ്പര്യത്തിന് ഉപയോഗിക്കുന്നുണ്ട് എന്നത് വസ്തുതയാണ്. എന്നാൽ അതിനെ നേരിടേണ്ടത് ക്ഷേത്രങ്ങളെ സമരകേന്ദ്രങ്ങളാക്കി കൊണ്ടാകരുത്. ഏതെങ്കിലും രാഷ്ട്രീയക്കാരെ അണിനിരത്തി കൊണ്ടുള്ള സമരമുഖം തുറക്കലല്ല അതിനുള്ള പരിഹാരം.

രാമനുണ്ണിയുടെ സമരം ആർക്കാണ് പ്രയോജനപ്പെട്ടതെന്ന് സത്യസന്ധമായി വിലയിരുത്തണം. അത് ഹിന്ദുമതവിശ്വാസികളെ കൂടുതലായി വർഗീയപക്ഷത്തേക്ക് തള്ളിവിടുന്നതിനാണ് ഉപകരിക്കുക. കത്വ സംഭവത്തിൽ കടലായി ക്ഷേത്രം എന്ത് പിഴച്ചുവെന്ന ചോദ്യമാണ് അത് ക്ഷേത്ര വിശ്വാസികളിൽ അങ്കുരിപ്പിക്കുക. പബ്ലിസിറ്റിക്കുവേണ്ടി രാമനുണ്ണി നടത്തിയ പ്രവൃത്തി മതേതര ബോധത്തിനല്ല ശക്തി പകരുക. രാഷ്ട്രീയം നഷ്ടപ്പെട്ട ഇത്തരം കോപ്രായങ്ങളുടെ ബാക്കിപത്രം അതാണ്.

അവിസ്മരണീയ ഗോൾ

നിയാസ് ഇബ്രാഹിം

നൂറ്റാണ്ടിന്റെ ഗോളിന് അവകാശി സാക്ഷാൽ മറഡോണയാണെങ്കിലും അവിസ്മരണീയ ഗോളിന് അവകാശി ബ്രസീലിന്റെ ഗരിഞ്ചയാണ്. പെലെക്ക് മുന്നെ തന്നെ ബ്രസീൽ ഫുട്ബോളിൽ സാന്നിധ്യമറിയിച്ച ഗരിഞ്ച ലോകത്തിലെ ഇതിഹാസ താരങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട കളിക്കാരനാണ്.

അവിസ്മരണീയ ഗോൾ പിറന്നത് ലോകകപ്പ് മൈതാനത്തായിരുന്നില്ല. അതുകൊണ്ടുതന്നെ മറഡോണയുടെയോ പെലെയുടെയോ ഗോൾ പോലെ അത് ചരിത്രത്തിൽ ഇടം നേടിയില്ല.

1958 ലോകകപ്പിന് തൊട്ടു മുന്നെയായിരുന്നു ഗരിഞ്ചയുടെ പ്രശസ്തമായ ഗോളിന്റെ പിറവി. ഇറ്റാലിയൻ ക്ലബ് ഫിയോറന്റിനയുമായുള്ള ബ്രസീലിന്റെ സൗഹൃദ മത്സരം. നാല് പ്രതിരോധ താരങ്ങളെ വെട്ടിയൊഴിഞ്ഞ് മുന്നേറിയ അദേഹം അഡ്വാൻസ് ചെയ്ത ഗോളിയെയും കബളിപ്പിച്ച് ഗോൾ പോസ്റ്റിന് തൊട്ടടുത്ത് നിന്നു. ഗോളി പോലുമില്ലാത്ത പോസ്റ്റിൽ എത്രയും വേഗം ഗോളടിക്കാനല്ല ഗരിഞ്ച ശ്രമിച്ചത്. ഒരു നിമിഷം പന്തും ചവിട്ടിപ്പിടിച്ച് ഗരിഞ്ച നിന്നു. ഇയാൾക്കെന്താ വട്ടായോ എന്നു കരുതി കാണികൾ തലയിൽ കൈവെച്ച് നിന്നു. അപ്പോഴേക്കും ഇറ്റാലിയൻ ക്ലബിന്റെ ഒരു പ്രതിരോധ താരം കുതിച്ചെത്തി കഴിഞ്ഞു. സാവധാനം അയാളെയും വെട്ടിയൊഴിഞ്ഞ് പന്ത് ഗരിഞ്ച ഗോൾവര കടത്തി. കാണികൾ ഒന്നാകെ എഴുന്നേറ്റ് നിന്ന് ആർപ്പുവിളിച്ച് ആ പ്രതിഭയെ ആദരിച്ചു. എന്നാൽ ഗരിഞ്ച കാട്ടിയ ഈ 'അഹങ്കാരത്തിന്' ലോകകപ്പിന്റെ ആദ്യ രണ്ട് മത്സരങ്ങളിൽ ബ്രസീൽ അധികൃതർ വിലക്ക് കൽപ്പിച്ചുവെന്നതും ചരിത്രം.

1986ലെ മെക്സിക്കോ ലോകകപ്പിലാണ് നൂറ്റാണ്ടിന്റെ ഗോൾ പിറന്നത്. 'ദൈവത്തിന്റെ കൈകൊണ്ട്' ഇംഗ്ലണ്ടിനെതിരെ നേടിയ ഗോളിന്റെ തൊട്ടുപിറകെയാണ് മറഡോണയെ ലോകത്തിന്റെ നെറുകയിൽ എത്തിച്ച ഗോൾ പിറന്നത്. 54-ാം മിനുട്ടിൽ മൈതാന മധ്യത്ത് നിന്ന് പന്ത് കാലിൽ കുരുക്കി കുതിച്ച് തുടങ്ങിയ മറഡോണ പകുതി ദൂരം പിന്നിട്ടപ്പോൾ ഇംഗ്ലണ്ടിന്റെ പീറ്റർ റീഡിങ്ങ് തടയാനെത്തി. അവരെ വെട്ടിയൊഴിഞ്ഞ മറഡോണ പ്രതിരോധ താരം ഗ്ലെൻ ഹോഡാലി നെ വേഗം കൊണ്ട് മറികടന്നു. പിന്തുടർന്നെത്തിയ ബുച്ചറെയും വെട്ടിച്ച് മുന്നേട്ട് കടന്ന് ഇംഗ്ലണ്ടിന്റെ വിഖ്യാതഗോളി പീറ്റർഷെൽട്ടിനെയും മറികടന്ന് വലതുമൂലയിലേക്ക് തകർപ്പനൊരടി. സ്റ്റേഡിയം പൊട്ടിത്തെറിച്ച നിമിഷം. വിവാദ ഗോളിന്റെ പാപക്കറ കഴുകി കളഞ്ഞ ഗോൾ. ലോകം മറഡോണയെ നമിച്ചു.

ലോകകപ്പിലെ മികച്ച രണ്ടാമത്തെ ഗോളിന് അവകാശി കാൽപ്പന്തുകളിയിലെ ചക്രവർത്തി സാക്ഷാൽ പെലെയാണ്. സ്വീഡനിൽ നടന്ന 1958 ലോകകപ്പ് ഫൈനലിൽ ആഥിതേയർക്ക് എതിരെയായിരുന്നു പെലെയുടെ ചരിത്രം കുറിച്ച ഗോൾ. മരിയോ സഗാലോ വലതു വിങിൽ നിന്ന് ഉയർത്തി നൽകിയ ക്രോസ് പോലെ സ്വന്തം ടീമിന് അഭിമുഖമായി നിന്ന് തുടയിൽ നിയന്ത്രിച്ച് നിർത്തി. സ്വീഡന്റെ മധ്യനിര താരം ഗുസ്താവ് സണ്ണിന്റെ തലയിൽകൂടി പിന്നോട്ട് മറിച്ചിട്ട പന്ത് പെട്ടെന്ന് ഉയർന്ന് ചാടി പെലെ ഗോൾവലയിലാക്കി. ഈ ഗോൾ നേടുമ്പോൾ പെലെയുടെ പ്രായം 17 വർഷവും എട്ട് മാസവും.

എന്നാൽ മൂന്നാമത്തെ മികച്ച ഗോൾ നേടുമ്പോൾ മെക്സിക്കോയുടെ മാനുവൽ നിഗ്രതെ പെലെയേക്കാൾ പ്രായം കുറവായിരുന്നു. 17 വർഷവും ഒരു മാസവും പിന്നിട്ട അദേഹം 1986ലെ മെക്സിക്കോ ലോകകപ്പിലാണ് സിസർ കട്ടിലൂടെ ലോകകപ്പ് ഫുട്ബോളിലെ മൂന്നാമത്തെ മികച്ച ഗോൾ സ്വന്തം പേരിലാക്കിയത്.

ഇനി 5 നാൾ
FIFA WORLD CUP RUSSIA 2018

നിഗ്രതെ സിസർ കട്ടിലൂടെ ഗോൾ നേടുന്നു.

ARG 1 ENG 0 09:13
JVC
മറഡോണയുടെ നൂറ്റാണ്ടിന്റെ ഗോൾ

ലോക ഫുട്ബോളിലെ മികച്ച
രണ്ടാമത്തെ ഗോൾ പെലെ നേടുന്നു.

ഗരിഞ്ചയുടെ ഗോൾ

ഒറപ്പടി കലാകൂട്ടായ്മക്ക് ഒരുപിടി സഹായവുമായി അവരെത്തി

മയ്യിൽ: ഒറപ്പടി കലാകൂട്ടായ്മക്ക് നൽകിയ വാക്ക് പാലിക്കാൻ ഗായകൻ കാഞ്ഞങ്ങാട് രാമചന്ദ്രനും മികച്ച ബാലതാരം അഭിനന്ദും എത്തിയത് കുരുന്നു കൂട്ടത്തിനുള്ള കൈസഹായവുമായി. വാർഷികാഘോഷത്തിന്റെ ഉദ്ഘാടന വേദിയിൽ നൽകിയ വാഗ്ദാനം പാലിക്കാൻ സ്നേഹസംഗമ വേദിയിലാണ് ഇരുവരും വീണ്ടുമെത്തിയത്. കാഞ്ഞങ്ങാട് രാമചന്ദ്രൻ പതിനായിരം രൂപയും മികച്ച ബാലതാരത്തിനുള്ള സംസ്ഥാന സർക്കാരിന്റെ പുരസ്കാരം നേടിയ അഭിനന്ദ് അയ്യായിരം രൂപയുമാണ് കലാകൂട്ടായ്മക്ക് പൊതുചടങ്ങിൽ സമ്മാനിച്ചത്. നിങ്ങളുടെ വാർഷികാഘോഷത്തിന് തിരശീല വീഴുംമുമ്പ് ഒരിക്കൽകൂടി ഞാൻ ഈ കുസൃതിക്കൂട്ടത്തിന്റെ പടികയറിയെത്തുമെന്ന് വാർഷികാഘോഷ ഉദ്ഘാടന ചടങ്ങിൽ കാഞ്ഞങ്ങാട് രാമചന്ദ്രൻ പറഞ്ഞിരുന്നു.

അഭിനന്ദ് അഭിനയത്തിന്റെ ബലപാഠങ്ങൾ ഹൃദ്യസ്ഥമാക്കിയത് കലാകൂട്ടായ്മയുടെ കളിവെട്ടം പാഠശാലയിൽ നിന്നായിരുന്നു. ചലച്ചിത്ര ലോകത്തിന്റെ വെള്ളിവെളിച്ചത്തിൽ കണ്ണഞ്ചിപ്പോകാതെ പാഠശാലയിലേക്ക് തിരികെ എത്തുകയായിരുന്നു ഈ അഭിനയ പ്രതിഭ. സംഭാവനകൾ ബിജു ഒറപ്പടി ഏറ്റുവാങ്ങി.

അവധിക്കാലത്ത് അരങ്ങുകളിൽ കലാപ്രകടനം നടത്തി വിദ്യാഭ്യാസത്തിനപ്പുറം കുട്ടികളുടെ സർഗ്ഗവാസനകളെ പ്രോത്സാഹിപ്പിക്കാനാണ് ഒറപ്പടി കലാകൂട്ടായ്മ കളിവെട്ടം പാഠശാല നടത്തുന്നത്. കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിച്ച് നൽകുന്ന മാതൃകാ പ്രവർത്തനവും ഇവരുടേതാണ്.

അവാർഡ്ദാനവും ഇഫ്താർ സംഗമവും

പന്നിയൂർ: എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥകൾക്കുള്ള അനുമോദനവും ഇഫ്തർ സംഗമവും നാളെ വൈകുന്നേരം നാല് മണിക്ക് പള്ളിവയലിൽ നടത്താൻ പന്നിയൂർ ശാഖാ മുസ്ലിംലീഗ് യോഗം തീരുമാനിച്ചു. ജില്ലാ മുസ്ലിം ജനറൽ സെക്രട്ടറി അബ്ദുൾ കരീം ചേലേരി ഉദ്ഘാടനം ചെയ്യും. മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പി.കെ.സുബൈർ അവാർഡ് ദാനം നടത്തും. പരിപാടി വിജയകരമാക്കാൻ നാസർ പന്നിയൂരിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ആലിക്കുഞ്ഞി പന്നിയൂർ, കെ.പി.അബൂബക്കർ, പി.മുസ്തഫ, പി.പി.സൈദ്, കെ.സി.ഷാഹാബ്, കെ.യൂസുഫ, കെ.ശാദുലി പ്രസംഗിച്ചു. ബി.ഹാരിസ് സ്വാഗതവും സി.മുഹമ്മദ് കൂഞ്ഞി നന്ദിയും പറഞ്ഞു.

അറിയിപ്പ്

തളിപ്പറമ്പ്: നഗരസഭ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തൊഴിലെടുക്കുന്നതിനായി നഗരസഭാ പരിധിയിലുള്ള തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

താത്പര്യമുള്ളവർ പൂരിപ്പിച്ച അപേക്ഷ, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം നഗരസഭാ ഓഫീസിൽ സമർപ്പിക്കണം. അപേക്ഷ ഫോം നഗരസഭാ ഓഫീസിൽ നിന്നും ലഭിക്കും.

കേരള കർഷക സംഘം സംഘടിപ്പിച്ച കർഷക സമരാഗ്നി ആലക്കോട്
എം.കരുണാകരൻ ഉദ്ഘാടനം ചെയ്യുന്നു

കാർഷിക വികസന ബാങ്കിന്റെ ജപ്തി തടയുമെന്ന് കർഷക കോൺഗ്രസ്

ആലക്കോട്: കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനെ തുടർന്ന് സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരെ വായ്പ കുടിശികയുടെ പേരിൽ ജപ്തി ചെയ്യാനുള്ള തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ നീക്കം കർഷകരെ അണിനിരത്തി തടയുമെന്ന് കർഷക കോൺഗ്രസ് ഉദയഗിരി മണ്ഡലം കമ്മിറ്റി പ്രസ്താവിച്ചു. കടക്കെണിയിലായ കർഷകരുടെ ഭൂമി പിടിച്ചെടുക്കാനുള്ള നടപടികൾ ഒരിക്കലും അനുവദിക്കില്ലെന്ന് യോഗം പ്രഖ്യാപിച്ചു. ടോമി കണയങ്കൽ അധ്യക്ഷത വഹിച്ചു. ജോസ് പറയങ്കുഴി, ഷൈനി മാങ്കോട്ടിൽ, ടോം പാലക്കൽ, ജോബി പനന്താനം പ്രസംഗിച്ചു. മലയോര മേഖലയിലെ 37 കർഷകരുടെ ഭൂമി ജപ്തി ചെയ്യാനുള്ള തളിപ്പറമ്പ് കാർഷിക വികസന ബാങ്കിന്റെ നീക്കം തടയുമെന്ന് കർഷക കോൺഗ്രസ് ആലക്കോട് മണ്ഡലം കമ്മിറ്റി അറിയിച്ചു. മുഖ്യമന്ത്രി നേരത്തെ നിയമസഭയിൽ നൽകിയ ഉറപ്പിന് വിരുദ്ധമായാണ് ഇപ്പോൾ നടക്കുന്ന ജപ്തി നടപടികളെന്ന് യോഗം ചൂണ്ടിക്കാട്ടി. അപ്പുക്കുട്ടൻ സ്വാമിമഠം അധ്യക്ഷത വഹിച്ചു.

കർഷക സമരാഗ്നി സംഘടിപ്പിച്ചു

അലക്കോട്: എം.എസ്. സ്വാമിനാഥൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുക, കേന്ദ്രസർക്കാരിന്റെ കർഷക ദ്രോഹ നടപടികൾ അവസാനിപ്പിക്കുക, ഇന്ധനവില തടയുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കേരള കർഷക സംഘം ആഭിമുഖ്യത്തിൽ ആലക്കോട് ടൗണിൽ കർഷക സമരാഗ്നി സംഘടിപ്പിച്ചു. കെ.പി.സാബുവിന്റെ അധ്യക്ഷതയിൽ എ.കരുണാകരൻ ഉദ്ഘാടനം ചെയ്തു. എം.കെ. പ്രദീപൻ, പി.രാമചന്ദ്രൻ, കെ.ബി.ചന്ദ്രൻ പ്രസംഗിച്ചു. മനോജ് കുമാർ സ്വാഗതം പറഞ്ഞു.

ശുചീകരണം നാളെ

ആലക്കോട്: ആലക്കോട് ചെന്താര സ്വാശ്രയസംഘം ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സബ് രജിസ്ട്രാഫീസ് പരിസര ശുചീകരണം നാളെ രാവിലെ നടക്കും. ആലക്കോട് സി.ഐ ഇ.പി.സുരേശൻ ഉദ്ഘാടനം ചെയ്യും.


പെരുവണ ശാഖ യൂത്ത് ലീഗ് കമ്മിറ്റിയുടെ റമളാൻ കിറ്റ് വിതരണം
തളിപ്പറമ്പ സി.ഐ കെ.ജെ. വിനോയ് ഉദ്ഘാടനം ചെയ്യുന്നു.

റമളാൻ കിറ്റ് വിതരണവും അനുമോദനവും

ചപ്പാരപ്പടവ്: പെരുവണ ശാഖ മുസ്ലിം യൂത്ത് ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ റമളാൻ കിറ്റ് വിതരണവും അനുമോദനവും സംഘടിപ്പിച്ചു. തളിപ്പറമ്പ് സി.ഐ കെ.ജെ.വിനോയ് ഉദ്ഘാടനം ചെയ്തു. ശരീഫ് അൽബാഖവി പ്രാർത്ഥനക്ക് നേതൃത്വം നല്കി. ഒ.മൊയ്തു പെരുന്നാൾ വസ്ത്ര വിതരണം നടത്തി. ബഷീർ ഹുദവി അധ്യക്ഷത വഹിച്ചു. ഉനൈസ് എരുവാട്ടി, അബ്ദുറഹ്മാൻ പെരുവണ, കെ.വി.സി.അബൂബക്കർ ഹാജി, അസീസ് മൗലവി, മുസ്തഫ മൗലവി, പി.കെ.അബൂബക്കർ, ഒ.കെ.ജാബിർ, പി.കെ.മൊയ്ദു സംസാരിച്ചു. ചടങ്ങിൽ എസ്.എസ്.എൽ.സി, പ്ലസ് ടു ഉന്നത വിജയികളെ അനുമോദിച്ചു. ഉമ്മർ പെരുവണ സ്വാഗതവും എം.ഷമൽ നന്ദിയും പറഞ്ഞു.

മലിനീകരണ നിയന്ത്രണ ബോർഡ്
സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഹരിത വിദ്യാലയ പുരസ്കാരം സ്പീക്കർ
പി.ശ്രീരാമകൃഷ്ണനിൽ നിന്ന് തടിക്കടവ് ഗവ.സ്കൂൾ പ്രതിനിധികൾ ഏറ്റുവാങ്ങുന്നു.

തടിക്കടവ് ഹൈസ്കൂളിന് ഹരിത വിദ്യാലയ പുരസ്കാരം

ആലക്കോട്: സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏർപ്പെടുത്തിയ ഹരിത വിദ്യാലയ പുരസ്കാരം തടിക്കടവ് ഗവ. ഹൈസ്കൂളിന് ലഭിച്ചു. സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾ കണക്കിലെടുത്താണ് അവാർഡ്. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ സ്പീക്കർ പി.ശ്രീരാമകൃഷ്ണനിൽ നിന്ന് ഹെഡ്മാസ്റ്റർ പി.വി.വിജയൻ, മുൻ ഹെഡ്മാസ്റ്റർ എ.കെ ജയരാജൻ, സ്റ്റാഫ് സെക്രട്ടറി കെ.ജെ.ജോസഫ്, എം.വി.സജിത, മദർ പി.ടി.എ പ്രസിഡന്റ് ജ്യോതി രാജൻ, വിദ്യാർത്ഥി പ്രതിനിധികളായ ആശ്രയ പി.പുഷ്പൻ, ആർതർ എന്നിവരുടെ നേതൃത്വത്തിൽ പുരസ്കാരം ഏറ്റുവാങ്ങി.

കുടുംബസംഗമവും അനുമോദനവും

തളിപ്പറമ്പ: ബി.ജെ.പി. തളിപ്പറമ്പ് പൂക്കോത്ത്തെരു ബൂത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കുടുംബ സംഗമവും മുഴുവൻ വിഷയങ്ങളിലും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കുകയും 35 വർഷം പൂക്കോത്ത്തെരു അംഗൻവാടിയിൽ സേവനമനുഷ്ഠിച്ച വല്ലി ടീച്ചറെ ആദരിക്കുകയും ചെയ്തു. കുടുംബസംഗമം ബി.ജെ.പി. മേഖലവൈസ് പ്രസിഡന്റ് എ.പി.ഗംഗാധരൻ ഉദ്ഘാടനം ചെയ്തു. പി.ഗംഗാധരൻ അധ്യക്ഷത വഹിച്ചു. ജില്ലാ വൈസ് പ്രസിഡന്റ് പി.ബാലകൃഷ്ണൻ, മഹിളാമോർച്ച ജില്ലാ പ്രസിഡന്റ് എൻ.രതി, സി.വി.രാജീവൻ സംസാരിച്ചു. എം.മോഹനൻ സ്വാഗതവും പി.ഉണ്ണികൃഷ്ണൻ നന്ദിയും പറഞ്ഞു.